## പതിമൂന്നാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2330** **18.03.2015-ൽ മറുപടിയ്ക്ക്**

### സമഗ്ര ആദിവാസി കോളനി വികസന പദ്ധതി

**ചോദ്യം**
**ശ്രീ.എം.വി.ശ്രേയാംസ് കുമാർ**

**മറുപടി**
**കുമാരി.പി.കെ.ജയലക്ഷ്മി**
**(പട്ടികവർഗ്ഗ ക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി)**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| എ) | സമഗ്ര ആദിവാസി കോളനി വികസന പദ്ധതി പ്രകാരം കൽപ്പറ്റ നിയോജക മണ്ഡലത്തിലെ ഏതെല്ലാം കോളനികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; | എ) | സമഗ്ര വികസന പദ്ധതി പ്രകാരം കൽപ്പറ്റ നിയോജക മണ്ഡലത്തിലെ മൂപ്പൈനാട്, മേപ്പാടി ഗ്രാമപഞ്ചായത്തുകളിലെ തെരഞ്ഞെടുത്ത കോളനികളുടെ വിവരം ചുവടെ ചേർക്കുന്നു.<br><br>**മേപ്പാടി ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുത്ത കോളനികൾ**<br><br>1. വേങ്ങചോല കോളനി<br>2. മുണ്ടുപാറകുന്ന് കോളനി<br>3. ഗോവിന്ദൻപാറ കോളനി<br>4. കുപ്പച്ചി കോളനി<br>5. പുളിയാമ്പറ്റ കോളനി<br>6. ആനക്കാട് കോളനി<br><br>**മൂപ്പൈനാട് ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുത്ത പട്ടികവർഗ്ഗ കോളനികൾ**<br><br>1. പുല്ലുകുന്ന് കോളനി<br>2. പാലച്ചുരം കോളനി<br>3. മാൻകുന്ന് കോളനി<br>4. തിനപുരം കോളനി<br>5. ശേഖരൻകുണ്ട് നീലിമല കോളനി |

| | | | |
|---|---|---|---|
| | | | 6. ജയ്ഹിന്ദ് കോളനി |
| ബി) | എന്തെല്ലാം വികസന പദ്ധതികളാണ് ഓരോ കോളനിയിലും നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ; | ബി) | കോളനികളുടെ അടിസ്ഥാന സൗകര്യങ്ങളായ റോഡ്, കുടിവെള്ളം, ഭവന നിർമ്മാണം/ പുനരുദ്ധാരണം, വൈദ്യുതീകരണം, അംഗൻവാടി, കമ്മ്യൂണിറ്റി ഹാൾ എന്നിവയുടെ നിർമ്മാണം, നൈപുണ്യ വികസനം, ജീവനോപാധി പ്രവർത്തനങ്ങൾ തുടങ്ങിയ വികസന പദ്ധതികൾ തെരഞ്ഞെടുത്ത കോളനികളിൽ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു. |
| സി) | ഇതിനായി ഓരോ കോളനിയിലും ചെലവഴിക്കാൻ ഉദ്ദേശിക്കുന്ന തുക എത്രയെന്ന് വ്യക്തമാക്കുമോ? | സി) | മേപ്പാടി ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുത്ത കോളനികളുടെ വികസന പ്രവർത്തനങ്ങൾക്ക് 10.55 കോടി രൂപയും മൂപ്പൈനാട് ഗ്രാമപഞ്ചായത്തിലെ തെരഞ്ഞെടുത്ത കോളനികളുടെ വികസന പ്രവർത്തനങ്ങൾക്ക് 10.19 കോടി ചെലവഴിക്കുന്നതിനാണ് തീരുമാനിച്ചിരിക്കുന്നത്. |

Haripriya
സെക്ഷൻ ഓഫീസർ